പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 336 — 04.02.2013 - ൽ മറുപടിയ്ക്ക്

## പ്രമാണങ്ങൾ നഷ്ടപ്പെട്ടാൽ പോലീസ് സ്റ്റേഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | പാസ്പോർട്ട്, വാഹനങ്ങളുടെ ആർ. സി. ബുക്ക്, ആധാരം തുടങ്ങിയ പ്രമാണങ്ങൾ നഷ്ടപ്പെട്ടാൽ പരാതി നൽകുന്ന ആളുകൾക്ക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് ഏത് തരത്തിലുള്ള സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ നൽകിവരുന്നത് ; | (എ) | പാസ്പോർട്ട്, വാഹനങ്ങളുടെ ആർ. സി. ബുക്ക്, ആധാരം തുടങ്ങിയ പ്രമാണങ്ങൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് പരാതി ലഭിച്ചാൽ ആയതിനെക്കുറിച്ച് അന്വേഷണം നടത്തുകയും പ്രസ്തുത രേഖകൾ കണ്ടെത്തുവാൻസാധിച്ചാൽ ആയത് തിരികെ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുകയും കണ്ടെത്തുവാൻ സാധിച്ചിട്ടില്ല എങ്കിൽ നാളിതു വരെയുള്ള അന്വേഷണത്തിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല എന്നും അന്വേഷണം തുടരുന്നു എന്നും ഉള്ള സർട്ടിഫിക്കറ്റ് പരാതിക്കാരന് ബന്ധപ്പെട്ട എസ്.എച്ച്.ഒ. മാർ നൽകി വരുന്നതുമാണ്. |
| (ബി) | കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷനിൽ, ഇത്തരം പരാതികളുമായി ചെന്നാൽ ആട്ടിയോടിക്കപ്പെടുന്നു എന്നുള്ള ജനങ്ങളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | 2012 വർഷത്തിൽ മുകളിൽ പറഞ്ഞ തരത്തിലുള്ള പ്രമാണങ്ങൾ നഷ്ടപ്പെട്ടതിനെ തുടർന്ന് എത്ര പരാതികൾ കാസർഗോഡ് ടൗൺ | (സി) | 2012 വർഷത്തിൽ കാസർഗോഡ് ടൗൺ സ്റ്റേഷനിൽ പാസ്പോർട്ട് നഷ്ടപ്പെട്ടതായി 29 പരാതികളും ആർ.സി. ബുക്ക് നഷ്ടപ്പെട്ടതിന് 31 പരാതികളും ആധാരം നഷ്ടപ്പെട്ടതിന് ഒരു പരാതിയും ലഭിച്ചിട്ടുണ്ട്. പരാതികളെപ്പറ്റി അന്വേഷിച്ച് |

| | |
|---|---|
| പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുണ്ട്; ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണ്? | ആവശ്യമായ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ